(സി) ഇക്കാര്യത്തിൽ വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായ അനാസ്ഥ അന്വേഷണ വിധേയമാക്കുമോ ;

(ഡി) പണി ഏത് ഘട്ടത്തിലാണെന്നും എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതിക്കാവശ്യമായ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ കരാർ ഉറപ്പിക്കുന്നതിലുണ്ടായ കാലതാമസവും കിണറ്, ടാങ്ക് എന്നിവയുടെ പണികൾ പൂർത്തിയാക്കാൻ കരാറുകാർ വീഴ്ച വരുത്തിയതിനാൽ അവരെ ഒഴിവാക്കി വീണ്ടും ടെൻഡർ ഉറപ്പിക്കുന്നതിലുണ്ടായ കാലതാമസവും മൂലം പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടായി.

(സി) വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും അനാസ്ഥ ഉണ്ടായിട്ടില്ല.

(ഡി) പ്രസ്തുത സ്കീമിന്റെ 70 ശതമാനം പണികൾ പൂർത്തിയായി. 2001 ഡിസംബറിൽ പണി പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

ചേർപ്പ് നിയോജകമണ്ഡലത്തിൽ ആരംഭിക്കുന്ന പുതിയ ലിസ്റ്റ് ഇറിഗേഷൻ പദ്ധതികൾ

43 (268) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ വല്ലച്ചിറ, നെരുവീശ്ശേരി, മുതുന്ന് വെങ്ങിശ്ശേരി തുടങ്ങിയ ലിസ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ബി) നബാർഡിന്റെ സഹായത്തോടെ ഏതെല്ലാം പദ്ധതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ഈ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ലിസ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാം ;

(ഡി) പുതിയ ലിസ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അവ ഏതെല്ലാം ?

ഉത്തരം

(എ) ചേർപ്പു നിയോജകമണ്ഡലത്തിൽപ്പെട്ട വല്ലച്ചിറ, മുക്കുന്ന് എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റിന് ചില സാങ്കേതിക വിവരങ്ങൾകൂടി ലഭ്യമാക്കി പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. കൂടാതെ ചേർപ്പു നിയോജകമണ്ഡലത്തിൽപ്പെട്ട തെരുവശ്ശേരി വെങ്ങിശ്ശേരി എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് ചെറുകിട ജലസേചന വിഭാഗം തൃശ്ശൂർ എക്സി. എൻജിനീയർ ഓഫീസിൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വല്ലച്ചിറ, മുക്കുന്ന് എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നബാർഡിന്റെ സഹായത്തോടെ ആരംഭിക്കുവാൻ ഉദ്ദേശമുണ്ട്.

(സി) മന്ദാരം ആറാട്ടുപുഴ, കാരോട്ടുമുറി, കോലത്തുകാവ്, എട്ടുമുന, വളവിങ്ങൽ, ആഴിമാവ്, തോട്ടൻചിറ, കണ്ണൻചിറ, പറുച്ചാൽ എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണ് ചേർപ്പു നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്നത്.

(ഡി) മുക്കുന്ന്, വല്ലച്ചിറ തെരുവശ്ശേരി, വെങ്ങിശ്ശേരി, എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പരിഗണനയിലുണ്ട്.

വെളിയന്നൂർ തോണിക്കടവിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിന് നടപടി

44 (269) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ വെളിയന്നൂർ തോണിക്കടവിൽ ചെക്ക് ഡാം നിർമ്മിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ; ഈ നിവേദനത്തിലെ ആവശ്യങ്ങൾ പരിശോധിക്കുവാൻ ഏതു ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(ബി) ഇതിന്റെ എസ്റ്റിമേറ്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത എസ്റ്റിമേറ്റ് തുക എത്ര ;

(ഡി) ഈ വർക്കിന്റെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി സാങ്കേതിക വിദഗ്ദ്ധർ സ്ഥലം പരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഈ സാമ്പത്തിക വർഷത്തിൽ തന്നെ പണി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ചെറുകിട ജലസേചനവിഭാഗം എക്സി. എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി&ഇ) സാങ്കേതിക വിദഗ്ദ്ധരുടെ സ്ഥലപരിശോധനക്ക് നടപടികൾ സ്വീകരിച്ചുവരുന്നു. അതുകഴിഞ്ഞ് വിശദമായ എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കേണ്ടതുണ്ട്. അതിനുശേഷം ചെക്ക് ഡാം കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചശേഷം ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കി ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചതിനുശേഷം മാത്രമേ പണി ഏറ്റെടുത്ത് നടത്തുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly